## വിജിലൻസ് കേസ്സുകളിന്മേൽ നിരാക്ഷേപപത്രം

253 (3544) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിന് സർക്കാർ നിരാക്ഷേപപത്രം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഏതൊക്കെ സ്വഭാവമുള്ള കേസുകൾ പിൻലിക്കുന്നതിനാണ് നിരാക്ഷേപപത്രം നൽകിയതെന്ന് വിശദമാക്കാമോ ;

(സി) അനധികൃത സ്വത്തുസമ്പാദനം, ട്രാപ്പ്, സർക്കാർ പദ്ധതികൾ നടപ്പിൽ വരുത്തിയതിലെ അഴിമതി തുടങ്ങിയ സ്വഭാവമുള്ള എത്രവീതം കേസുകൾ പിൻവലിക്കാനാണ് നിരാക്ഷേപപത്രം നൽകിയതെന്ന് വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര വിജിലൻസ് അന്വേഷണങ്ങളിൽ സർക്കാർ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) 10 കേസ്സുകൾ.

(ബി) അധികാര ദുർവിനിയോഗം, ധനാപഹരണം, കൈക്കൂലി, അഴിമതി, ധനദുർവിനിയോഗം എന്നീ സ്വഭാവ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ആരോപണങ്ങളിന്മേലുള്ള കേസ്സുകളിൽ ഉൾപ്പെടുന്നവയാണ് മേൽപ്പറഞ്ഞ 10 കേസ്സുകൾ.

(സി) ട്രാപ്പ് വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന ഒരു കേസ്സിൽ മാത്രമാണ് നിരാക്ഷേപപത്രം നൽകിയിട്ടുള്ളത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മൊത്തം 380 വിജിലൻസ് അന്വേഷണങ്ങളിൽ സർക്കാർ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

## വിജിലൻസ് അന്വേഷണം നേരിടുന്ന സർക്കാർ ഉദ്യോഗസ്ഥർ

254 (3545) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് അന്വേഷണം നേരിടുന്ന എത്ര ഉന്നത സർക്കാർ ഉദ്യോഗസ്ഥർ ഉണ്ട് ; അവർ ഏതൊക്കെ തസ്തികകളിൽ ഇപ്പോൾ തുടരുന്നുണ്ട് ; ഇവർ ആരൊക്കെ ; പേരുസഹിതം വ്യക്തമാക്കാമോ ;

(ബി) ഇതിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ എത്രപേരുണ്ട് ; അവർക്കെതിരെ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

(സി) പൊതുമേഖല സ്ഥാപനമേധാവികൾ, അർദ്ധസർക്കാർ സ്ഥാപനമേധാവികൾ എന്നിവരുൾപ്പെടെ വിജിലൻസ് അന്വേഷണം നേരിടുന്നവർ ആരൊക്കെയെന്ന് രേഖാമൂലം വ്യക്തമാക്കാമോ ; അവർ ഇപ്പോൾ ഏതൊക്കെ സ്ഥാപനങ്ങളിൽ തുടരുന്നുണ്ട് എന്നും വിശദമാക്കുമോ ?

ഉത്തരം

(എ) നിലവിൽ വിജിലൻസ് അന്വേഷണം നേരിടുന്ന പൊതുമേഖലാ സ്ഥാപന മേധാവികൾ, അർദ്ധ സർക്കാർ സ്ഥാപന മേധാവികൾ, ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. എന്നിവരുൾപ്പെടെ ഇപ്പോൾ സർവ്വീസിലുള്ള ഉന്നത സർക്കാർ ഉദ്യോഗസ്ഥരുടെ എണ്ണം 28 ആണ്. ഇവരുടെ നിലവിലെ തസ്തിക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. ഇവരുടെ പേരുവിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. *

(ബി) മേൽപ്പറഞ്ഞ അന്വേഷണ ഘട്ടത്തിലുള്ള വിജിലൻസ് അന്വേഷണങ്ങളിൽ കുറ്റക്കാരെ സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങൾ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുമ്പോൾ മാത്രമേ വ്യക്തമാവുകയുള്ളു. അന്വേഷണം നടക്കുമ്പോൾ കുറ്റക്കാരുടെ വിവരങ്ങൾ ലഭ്യമാവുകയില്ല. പ്രസ്തുത വിവരങ്ങൾ അന്വേഷണാനന്തരം റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാവുകയുള്ളു.

(സി) ചോദ്യം (എ)യുടെ മറുപടി കണ്ടാലും.

### ഗുണ്ടാ മാഫിയ ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥർ

255 (3547) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥർക്ക് പണം നൽകിയാൽ സമൂഹത്തിൽ എല്ലാത്തരം മാഫിയ പ്രവർത്തനവും നടത്താൻ കഴിയുമെന്ന ആരോപണം സംസ്ഥാനത്ത് നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗുണ്ടാ-മാഫിയ ബന്ധമുള്ള എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെയാണ് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളത് ; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ ;

(സി) ജനങ്ങളുടെ സുരക്ഷയും, നാടിന്റെ സമ്പത്തും കാത്തുസൂക്ഷിക്കേണ്ട പോലീസുകാർ കള്ളന്മാരുടെയും അഴിമതിക്കാരുടെയും പട്ടികയിൽ ഇടം പിടിക്കാൻ ഇടയാകുന്നതായ ആക്ഷേപം ഉണ്ടായ സാഹചര്യത്തിൽ ഇതിനെക്കുറിച്ച് ഗൗരവമായ അന്വേഷണം നടത്തുമോ ; ഇത്തരക്കാർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly